# ഇത് മനുഷ്യത്വവുമല്ല; മൃഗീയതയുമല്ല

ഡോ. എം. കുര്യൻ തോമസ്
drmkurianthomas@gmail.com

**കൗ**തുകം ഉളവാക്കുന്നതാണ് വാർത്ത. പ്രതിദിനം നിരന്തരം സംഭവിക്കുന്നവയ്ക്ക് വസ്തുതാപ്രാധാന്യമല്ലാതെ വാർത്താ പ്രാധാന്യമില്ല. കേരളത്തിലെങ്കിലും ഇന്ന് തെരുവു നായ്ക്കൾ പിഞ്ചുകുഞ്ഞിനെ കടിച്ചുകീറുന്നതും, ഒരു കുടുംബത്തിന്റെ ഏക അവലംബമായ ഗൃഹനാഥൻ പേപിടിച്ചു മരിക്കുന്നതും, ഡ്യൂട്ടി നോക്കുന്ന ട്രാഫിക്ക് പോലീസുകാരനെ തെരുവുനായ്ക്കൾ സംഘടിതമായി ആക്രമിക്കുന്നതും ഈയർത്ഥത്തിൽ വാർത്തയല്ല. അത്ര ദൈനംദിന സാധാരണമായി ഇവ മാറിയിരിക്കുന്നു.

തെരുവുനായ്ക്കൾ മൂലമുള്ള ശ്രദ്ധിക്കപ്പെടാതെ പോകുന്ന മറ്റൊരു ദുരന്തമുണ്ട്. ഇരുചക്ര വാഹന യാത്രക്കാരുടെ ഏറ്റവും വലിയ ശത്രുക്കളാണിവർ. എത്ര സൂക്ഷിച്ച് വേഗത കുറച്ചോടിച്ചാലും പട്ടിയെ ഇടിച്ചാൽ ഇരുചക്രം ഉറപ്പായും മറിയും. യാത്രികന് അപകടം പറ്റുകയും ചെയ്യും. പട്ടികളുടെ ഗതിവിഗതികൾ പ്രവചനാതീതവും. ഇതിന് ഈ ലേഖകന്റെ സ്വന്തം അനുഭവം സാക്ഷി.

ധർമ്മരാജ്യമായാലും ജനാധിപത്യ രാജ്യമായാലും പ്രജകളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സർക്കാർ ബാദ്ധ്യസ്ഥരാണ്. അതിനു ഒഴിവുകഴിവായി ജന്തുസ്നേഹം പറഞ്ഞിട്ടൊന്നും കാര്യമില്ല. മനുഷ്യനു ഭീഷണിയാകുമ്പോൾ ആനയടക്കം ഏതു മൃഗത്തേയും കൊന്ന് അപകടം ഒഴിവാക്കുക സർവസാധാരണമാണ്. ഇന്ത്യയുടെ ദേശീയ മൃഗവും, വംശനാശഭീഷണിനേരിടുന്നതുമായ കടുവകളിലൊന്നിനെ അത് നരഭോജിയായി മാറിയപ്പോൾ വെടിവെച്ചുകൊന്നത് സമീപമാസമാണ്.

ഭൂമിക്ക് – അതായത് മനുജകുലത്തിന് – ആരെങ്കിലും ഭീഷണിയാകുമ്പോൾ ഭഗവാൻതന്നെ അവതരിച്ച് അത്തരം വ്യക്തികളെ ഉൻമൂലനം ചെയ്യുന്ന ചിത്രമാണ് ഇന്ത്യൻ ഇതിഹാസങ്ങൾ വരച്ചു കാണിക്കുന്നത്. മനുഷ്യശത്രു സ്വന്തം മാതുലനാണങ്കിലും അവിടെ വിട്ടുവീഴ്ചയില്ല. തെരുവു നായ്ക്കളുടെ ഭീഷണി കൂടാതെ ജീവിക്കുവാനുള്ള അവസരമുണ്ടാക്കേണ്ടത് ഏതു സർക്കാരിന്റെയും ബാദ്ധ്യതയാണ്. അതു ചെയ്യാത്തത് ഗൂരുതരമായ മനുഷ്യാവകാശ ലംഘനവും.

ന്യായാന്യായങ്ങളിലേയ്ക്കു കടക്കുന്നില്ലങ്കിലും സമീപകാലത്ത് കേരളത്തിൽ അരങ്ങേറിയ ബാർ–ബിവറേജസ് പൂട്ടൽ രാഷ്ട്രീയത്തിന് ഉപോദ്ബലകമായി സർക്കാർ ചൂണ്ടിക്കാട്ടിയത് ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുക സർക്കാരിന്റെ ബാദ്ധ്യതയാണന്ന ന്യായമാണ്. അത് ശരിയായിരിക്കാം. പക്ഷേ ഒന്നുണ്ട്. മദ്യം ആരേയും ''ചെന്നു'' കുടിക്കുന്നില്ല. അതിൽ ആസക്തിയുള്ളവർ അതിന്റെ ലഭ്യത തേടിച്ചെന്നു അത് വാങ്ങുകയാണ്. പക്ഷേ പട്ടിയുടെ കാര്യം അങ്ങനയല്ല. ചെന്നാലും ചെന്നില്ലങ്കിലും അവ ആരെയും കടിക്കും. അവയിൽനിന്നും സംരക്ഷണം നൽകാൻ മുകളിൽ പറഞ്ഞ അതേ കാരണത്താൽ സർക്കാർ കൂടുതൽ ബാദ്ധ്യസ്ഥരാണ്.

തെരുവുനായ്ക്കളുടെ ആക്രമണം വർദ്ധിച്ചപ്പോൾ യാഥാർത്ഥ്യത്തിൽനിന്നും ഒഴിഞ്ഞുമാറി വിചിത്രമായ നിർദ്ദേശങ്ങൾ ജനങ്ങൾക്കു ''ദാനം ചെയ്യുകയാണ്" ഉത്തരവാദിത്വപ്പെട്ടവർ ചെയ്യുന്നത്. തെരുവുനായ്ക്കളുടെ വന്ധ്യംകരണം, നീലക്കുപ്പിയുടെ വിന്യസനം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ ''ഉദാത്തമായ" മാർഗ്ഗങ്ങൾ അവർ ഉപദേശിച്ചു തന്നു. ഇവയൊക്കെ പരിമിതമായ തോതിൽ പ്രയോജനപ്രദമാവാം. പക്ഷേ ഈ ഉപദേശമല്ല സർക്കാരിൽനിന്നുണ്ടാകേണ്ടത്. രാജ്യസുരക്ഷപോലെതന്നെ ഒരു വ്യക്തിക്ക് സ്വയം പ്രതിരോധിക്കാവുന്നതോ, സംയമനം പാലിച്ച് രക്ഷപെടാവുന്നതോ അല്ല തെരുവുനായ്ക്കളുടെ ആക്രമണം. അതു ദേശീയ വിപത്താണ്. അതിനെ നേരിടാൻ സർക്കാരിനെ ആവു. അത് സർക്കാരിന്റെ ബാദ്ധ്യതയുമാണ്. അതിനെ ഫലപ്രദമായി പ്രതിരോധിക്കാതിരിക്കുന്നത് സർക്കാർ നടത്തുന്ന മനുഷ്യാവകാശ ലംഘനവും.

തെരുവുനായ്ക്കളുടെ എണ്ണം അടിയന്തിരമായി പരിമിതപ്പെടുത്താതെ വന്ധ്യംകരണം, നീലക്കുപ്പി, മാലിന്യ നിർമ്മാർജ്ജനം ഇവയൊന്നും പ്രയോഗിച്ചിട്ടു കാര്യമില്ല. മതിയായ ഫണ്ടിന്റെ അഭാവമാണ് പല തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരികളും തെരുവുനായ നിർമ്മാർജ്ജനത്തിനു പരിമിതിയായി ചൂണ്ടിക്കാണിക്കുന്നത്. ഇവിടെ വീണ്ടും മദ്യത്തിലേയ്ക്കു മടങ്ങിവരാം. നിയമവിധേയമായി തൊഴിൽ ചെയ്ത് തൊഴിൽക്കരവും കൊടുത്ത് ജീവിച്ചുവന്ന ഒരുപറ്റം ആളുകളെ ഒരു സുപ്രഭാതത്തിൽ തൊഴിൽരഹിതരാക്കി. എന്നിട്ട് അവർക്ക് ''ഓണം ആഘോഷിക്കാൻ'' 5,000 രൂപവീതം ''പിച്ചക്കാശ്'' കൊടുത്തു. ഇത് മദ്യരാഷ്ട്രീയക്കാരുടെ കുടുംബസ്വത്തോ പാർട്ടിഫണ്ടോ അല്ല. ബക്കറ്റു പിരവു നടത്തിയതും അല്ല. പൊതുഖജനാവിലെ പണമാണ്. നികുതിപ്പണം ഇത്തരം കാര്യങ്ങൾക്ക് നിർലോപം പണം ചിലവഴിക്കുന്നവർ തെരുനായ് ശല്യം പോലെയുള്ള വിഷയങ്ങളിൽ നിസംഗത പാലിക്കുന്നത് മനുഷ്യാവകാശ ലംഘനമല്ലെങ്കിൽ മറ്റെന്താണ്?

സന്നദ്ധ സംഘടനകൾക്കോ ജനകീയ കൂട്ടായ്മകൾക്കോ തെരുനായ് ശല്യം അവസാനിപ്പിക്കാൻ ഇന്ന് ആവില്ല. കാരണം അതിനു തുനിഞ്ഞാൽ അവരെ ഇരുമ്പഴിക്കുള്ളിലാക്കുന്ന ചില നിയമങ്ങൾ ഇവിടെ ഉണ്ടത്രെ! അപ്പോൾ ഇന്ന് ഈയവസ്ഥയ്ക്കു പരിഹാരം സർക്കാരിന്റെ മാത്രം ഉത്തരവാദിത്വ മാണ്. മനുഷ്യരാശിയ്ക്കു ഭീഷണിയാകുന്ന ഇത്തരം വിപത്തുകൾ ഒഴിവാക്കാൻ വേണമെങ്കിൽ നിയമഭേദ ഗതി വരുത്തണം.

ഓമനിച്ചു വളർത്തുന്ന നായ്ക്കളെ, അവ പ്രായംകൊണ്ടും രോഗംകൊണ്ടും അവശരാകുമ്പോൾ, അവ യോടുള്ള സ്നഹംകൊണ്ടുതന്നെ ദയാവധം നടത്താറുണ്ടായിരുന്നു. അതിനുള്ള ഔഷധം മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യവുമായിരുന്നു. പിന്നീട് അവ അപ്രത്യക്ഷമായി. ആരുടെയോ പട്ടിസ്നേഹമത്രെ കാരണം! ആർക്കു പ്രയോജനം? ഒരു വ്യാഴവട്ടകാലംമുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രതി ഫലം നൽകുന്ന പട്ടിപിടുത്തക്കാരെ ഈ ലേഖകൻ ധാരാളമയി കണ്ടിട്ടുണ്ട്. ഇന്നവരില്ല. ആരാണ് ഉത്ത രവാദി?

ഇനി ഈ നായസ്നേഹം കൊണ്ട് പട്ടിക്കെന്തിലും പ്രയോജനമുണ്ടോ? അതില്ലതാനും. വാഹന ങ്ങൾക്കടിയിൽപ്പെട്ട് തകർന്നൊടിഞ്ഞും, ചൊറിയും ചിരങ്ങും പിടിച്ച് അർത്ഥപ്രാണനായുമാണ് മിക്ക തെരുവുനായക്കളുടേയും സ്ഥിതി. ഇവയെ ഈ ദയനീയാവസ്ഥയിൽ നരകിപ്പിക്കുക മാത്രമാണ് ''കപട ജന്തുസ്നേഹം'' ചെയ്യുന്നത്. അവയെ ശേഖരിച്ചു സംരക്ഷിക്കാൻ ഈ ''ജന്തുസ്നേഹി'' കളിൽ ആരും മുതിരുന്നില്ല. ചില വിദേശ രാജ്യങ്ങളിൽ അപ്രകാരം ചെയ്യുന്നവരെപ്പറ്റി വാർത്തകൾ കണ്ടിട്ടുണ്ട്. പത്ര പംക്തികളിൽ നിറയുന്നതിൽ മാത്രം ഇവിടെ ഇവരുടെ ''ജന്തുസ്നേഹം'' ഒതുങ്ങുന്നു.

തെരുവു നായ്ക്കളിൽനിന്നും മനുഷ്യനു സംരക്ഷണം നൽകേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയാണ്. അതിനു എന്തു മാർഗ്ഗം സ്വീകരിച്ചാലും വിരോധമില്ല. അവയെ കൊന്നൊടുക്കുന്നതിന് പട്ടിസ്നേഹികൾ എതിരാണങ്കിൽ അവർ അവയെ ശേഖരിച്ചു മതിൽകെട്ടിയടച്ച സ്വന്തം പുരയിടങ്ങളിൽ വളർത്തട്ടെ. അല്ലാതെ വാർത്താപ്രാധാന്യം നേടാൻ വെറുതെ മനുഷ്യനെ മെനക്കെടുത്തരുത്.

സമീപകാലത്ത് പത്രത്താളുകളിൽ കുറെ ചിത്രങ്ങളും വാർത്തകളും അച്ചടിച്ചുവന്നിരുന്നു. തെരുവു നായക്കൾ കടിച്ചകീറിയ പിഞ്ചു കുഞ്ഞുങ്ങളുടേയും സ്കൂൾ വിദ്യാർത്ഥികളുടേയും ചിത്രങ്ങൾ. കരളലി യികികുന്ന ഈ ചിത്രങ്ങൾ കണ്ടിട്ടും മനസലിയാത്തവർ ദയവുചെയ്ത് ഇനി മനുഷ്യസ്നേഹമോ ജന്തുസ്നേഹമോ പറയരുത്. ഈ സാമൂഹ്യ വിപത്തിനോട് ക്രിയാത്മകമായി പ്രതികരിക്കാതെ ആരോഗ്യരക്ഷയും പറഞ്ഞു മദ്യരാഷ്ട്രീയക്കാരും ഉറഞ്ഞുതുള്ളരുത്.

ഈ ലേഖകന്റെ അഭിപ്രായത്തോടു വിയോജിക്കുന്നവർ കണ്ടേക്കാം. പക്ഷേ സുരക്ഷിതമായി ജീവി ക്കുക എന്നത് മനുഷ്യന്റെ മൗലിക അവകാശമാണ്. തെരുവുനായ്ക്കൾ മനുഷ്യജീവന് അപകടകരമാണ്. അവയെ ഇല്ലായ്മ ചെയ്യേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയാണ്. കാരണം, ഒരു വ്യക്തിയ്ക്ക് സ്വകാര്യ സംരംഭത്തിലൂടെ ഈ വിപത്തിൽനിന്നു രക്ഷനേടാനാവില്ല.

*വാൽക്കഷണം* – വളർത്തു പട്ടികളെ രജിസ്റ്റർ ചെയ്ത് ഫീസ് ഒടുക്കാത്തവരുടെ പേരിൽ നടപടിയെ ടുക്കാനും ശിക്ഷിക്കാനും സർക്കാർ ആലോചിക്കുന്നത്രെ! നല്ലകാര്യം. സ്വന്തം പേരിൽക്കൂട്ടി കരമട യ്ക്കാത്ത ഭൂമിയ്ക്ക് കേരളത്തിൽ ''പുറമ്പോക്ക്'' എന്നാണ് പറയുന്നത്. ഇതിന്റെ ഉടമ സർക്കാരുമാണ്. സ്വകാര്യ ഉടമകളില്ലാത്ത നായ്ക്കളെ ''പുറമ്പോക്ക് പട്ടി''കളായി പ്രഖ്യാപിക്കണം. അവയെ രാഷ്ട്രീയ ക്കാർക്കും തദ്ദേശ സ്വയംഭരണ ഉദ്യോഗസ്ഥർക്കും പട്ടിസ്നേഹികൾക്കും സർക്കാർ പതിച്ചുകൊടുക്ക ണം. ''പുറമ്പോക്ക് പട്ടികളെ'' പതിച്ചുകിട്ടിയവരിൽനിന്നും നിയമവിധേയമായി വളർത്താത്തതിന് ഭീമ മായ പിഴ ഈടാക്കണം. എന്നാൽ ഒറ്റമാസംകൊണ്ട് കേരളത്തിലെ തെരുനായ് ശല്യം നിശ്ശേഷം അവ സാനിക്കും. അല്ലാതെ വേറേ മാർഗ്ഗമില്ല.

(*സാമൂഹ്യനീതി* – മാർച്ച് 2015)